
## മലങ്കര സുറിയാനി കത്തോലിക്കാ സഭ



# ദൈവാലയ മൂറോൻ കൂദാശാ ഗാനങ്ങൾ

www.malankaralibrary.com

## ഗാനം: (എമ്മോദ്കീസോ)

തിരുസഭയേ, മിശിഹാതൻ മണവാട്ടീ
നിൻ കൂദാശയിൽ ജാതികൾ മോദിപ്പൂ
ദേവാ, കൃപചെയ്യടിയാരിൽ

മേലുയരങ്ങളിൽ നിൻമണവറതീർത്ത
മിശിഹായെ സ്തുതി ചെയ്യുക തിരുസഭയേ
ദേവാ, കൃപചെയ്യടിയാരിൽ

പ്രഭയേറും മണവറ സജ്ജമതുയരേ
വാനഗണം നിൻ വിരുന്നിനെ ഘോഷിപ്പൂ
ദേവാ, കൃപചെയ്യടിയാരിൽ

വിശ്വാസാൽ സ്നാനിതർ ജാതികൾ നാനാ
ഭാഗേ നിന്നും പെരുനാൾ ഘോഷിപ്പൂ
ദേവാ, കൃപചെയ്യടിയാരിൽ

അങ്കിയണിഞ്ഞോർ നൃപരും വന്നിട്ടുൾ
പ്പൂകിനമിപ്പൂ, തവവരനാം രാജനെ
ദേവാ, കൃപചെയ്യടിയാരിൽ
ബാറെക്മോർ

***കാർമ്മി :*** ശുബഹോ...............

***ജനം :*** മെനഗാലം...............

സഭയെ വരിപ്പാൻ സുതനെയയച്ചും റൂഹായാൽ
ശുദ്ധിയുമേകിയ താതന്നായ് സ്തോത്രം,
ദേവാ കൃപചെയ്യടിയാരിൽ



www.malankaralibrary.com

## ഗാനം

*(മഹിമയൊടാക്കബെറീന്നു പുറ.............എന്ന രീതി)*

കാഹളനാദമോടവരോഹം സീനായ് മലമുകളിൽ
ചെയ്തുയരോൻ സഭതൻ പണിയെ മോശയ്ക്കായ് കാട്ടി
ഓഫീർ സ്വർണ്ണമണിഞ്ഞവളാം രാജാത്മജയിവളാർ
ദാവീദരുളിയപോലവളാസ്ഥാനേ ഭൂഷിതയാം

നിൻ മദ്ബഹായിൽ വസിച്ചതിനെ ശുദ്ധിചെയ്തോന്നായ്
സാബായിലെ നൃപരും കാഴ്ചകളർപ്പിച്ചീടുന്നു
എഴുന്നേറ്റു പ്രകാശിക്കുക നീ വിശ്വാസിനി സഭയേ
ഉന്നതനീശൻ തൻ പ്രഭ നിൻ ആലയമുൾമേവും.

ബാറെക്മോർ

***കാർമ്മി :*** ശുബഹോ...............

***ജനം :*** മെനഗാലം...............

ഉയരവർ താഴ്ന്നവരും വാഴ്ത്തീട്ടാരാധിക്കുന്ന
പിതൃസുത പരിശുദ്ധാത്മാവാം ത്രീയേകൻ വന്ദ്യൻ.

*(ബ്ഹൗവുനുഹറോഗോയോ' എന്ന രീതി)*

സ്തുതിപാടുക നിന്നുടെ സുതരൊന്നായ്
സഭയെ നിൻ കൂദാശദിനേ
നിന്നെ വരിച്ചോനാം മിശിഹായ്ക്കായ്
സ്തുതി ശബ്ദമുയർത്തീടുക നീ


www.malankaralibrary.com

നിബിയർ വാഗ്ദാനം ചെയ്തോളാം
സഭയിപ്പോൾ സ്തുതി പാടുന്നു
ശ്ലീഹർ സഹദേർകളിലാരഹസ്യം
നിറവേറ്റിയൊരാപ്പുത്രനായ്

ഏകാത്മജനായ് സ്തുതിപാടുന്നു
സഭ നാനാദിശികളിൽ നിന്നും
സുതരെ സ്ലീബായാൽ വീണ്ടോനാം
പ്രേഷകനും സ്തുതിയുണ്ടാക.

സ്തോത്രം പാടീടുക സഭയെ നീ
താതാത്മജ റൂഹാകൾക്കായ്
ആരാധ്യമതേകം ദൈവത്വം
തൻമഹിമാബലമതുവന്ദ്യം. ബാറെക്മോർ

***കാർമ്മി:*** ശുബഹോ...............

***ജനം*** ***:*** മെനഓലം...............

പുലരിയിൽ നാമെല്ലാമാഗതരായ്
താതനായ് സ്തുതി പാടേണം
താതനിൽ നിന്നുള്ളൊരു സുതനും
റൂഹായ്ക്കും സ്തുതി പാടീടാം

***(പൗലൂസ് ശ്ലീഹ. എന്ന രീതി)***

രക്ഷകനേറി ദൈവാലയമുൾ പെരുനാളിൽ
ബലികൾ കാഴ്ചകളും പരിചിൽ
നിയമം പോലർപ്പിച്ചീടാൻ



www.malankaralibrary.com

ഭോഷജനങ്ങളറിഞ്ഞില്ല
മർത്യനതാം-ദൈവാ-ത്മജനെ
തൻ തിരുമേനി വിഭാഗിച്ചും
തിരുരക്തം ചേർത്തും സഭയുൾ
ജീവൻ മേശയിലർപ്പിപ്പൂ
ആദാമ്യർ പുണ്യത്തിന്നായ്

വിശ്വാസിനിയാം സഭയേ നീ സന്തോഷിക്കൂ
മേശയിലിതു സജ്ജം കാൺക
മിശിഹാ തൻ തനുരുധിരങ്ങൾ
പത്രോസ്ലീഹാ സദൃശ്യമതായ്
മേൽപ്പട്ടക്കാരൻ - നിൽപ്പൂ
മാലാഖകൾ പോൽ കഹനകളും
മദ്ബഹായെ ചുറ്റീടുന്നു
പാറക്കലീത്തായാം റൂഹാ
ശുദ്ധീകരണം ചെയ്യുന്നു. ബാറെക്മോർ

***കാർമ്മി :*** ശുബഹോ.....................

മ-ശ്ക്കൻ സബിനാ സ്ഥാപിച്ചിസറേലിൽ മൂശാ
പുണ്യത്തിന്നായർപ്പിച്ചാൻ
അതിനുൾ പീഠത്തിൽ ബലികൾ
അവരോഹം ചെയ്തിട്ടവമേൽ
റൂഹായാവാസം ചെയ്വാൻ
ദൈവത്തിൻ തിരുഭവനമതാം


www.malankaralibrary.com

ഈ മദ്ബഹായിൽ പാവനനാം
റൂഹായാവാസം ചെയ്തി-
ട്ടീക്കുർബാനകളിൽ - വാഴ്വൂ

***ജനം :*** മെനഗാലം.....................

വിശ്വാസിനിയാം ശുദ്ധസഭേ നീ ഭാഗ്യവതി
നിൻ മണവാളൻ നിൻ സവിധേ
പുഷ്ടിയെഴും നൽ ഭോജനവും
ദാഹം തീർക്കും മിശ്രിതവും
നിന്നുടെ വിരുന്നിനായേകി
അഗ്നിയശിക്കുക അപ്പത്താൽ
റൂഹാ പാനംചെയ് വീഞ്ഞാൽ
ആത്മാവഗ്നികളാലേ തൻ
മണവറയുൾപ്പൂകീടേണം

മൊറിയോറാഹേം.......

## ഹുലോലോ

ഹാ... ഹാ... എസ്ദ്ക്കാർ ഈത്തോക്ക് ദക്നയ്ത്ത് മെൻക്ദീം വപറക്ക്ത്ത് ശബ്ത്തോദ് യൊർത്തൗസോക്ക്. ഹാ-

**വി. ഏവൻഗേലിയോൻ : വി. മത്തായി 16 : 13-19**

## സങ്കീർത്തനം 150

### *(വാനവർ മാനോർ... എന്ന രീതി)*

**കാർമ്മി :** കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്തിൽ സ്തുതിപ്പിൻ, അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.



www.malankaralibrary.com

സീനായ് മേലവരോഹിതനാ-
യതിനെ ശുദ്ധീകരിച്ചവനേ
പള്ളിയിൽ വാസം ചെയ്തിതിനെ
കൃപയാൽ പാവനമാക്കേണം

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

സീനായ്മേൽ വാണിട്ടുടയോൻ
തൻകൈമൂശാമേൽ വച്ചാൻ
മൂശാ കൈവച്ചഹറോൻ മേൽ
യൂഹാനോൻവരെ നിലനിന്നു

കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ, തമ്പുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

മാളികയിൽ ശ്ലീഹന്മാർ മേൽ
വന്നു വസിച്ചോനാം റൂഹാ
പള്ളിയിൽ വാസം ചെയ്തിതിനെ
ശുദ്ധീകരണം ചെയ്യേണം

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.

നിബിമാർ മൂലം ഭാഷിച്ച
ശ്ലീഹർ മേൽ വന്നൊരു റൂഹാ
പള്ളിയിൽ വാസം ചെയ്തിതിനെ
ശുദ്ധീകരണം ചെയ്യേണം



www.malankaralibrary.com

നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ, ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

ഉയരാഴങ്ങൾക്കധികാരം
ശ്ലീഹന്മാർക്കേകിയ നല്ലോൻ
പള്ളിയിൽ വാസം ചെയ്തതിനെ
ശുദ്ധീകരണം ചെയ്യേണം.

സകലജാതികളുമേ കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ അവനെ നിങ്ങൾ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടും എന്നേക്കും കർത്താവുമാകുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.
ബാറെക്മോർ

***കാർമ്മി:*** ശുബഹോ...............
***ജനം*** : മെനഓലം...............

ശുദ്ധാത്മജനേ വിട്ടവനായ്
പരിശുദ്ധാത്മാവാൽ തന്റെ
ശുദ്ധർക്കു വിശുദ്ധിയെ നൽകും
ശുദ്ധപിതാവിന്നായ് സ്തോത്രം

*************************


www.malankaralibrary.com



www.malankaralibrary.com